3. VOTING OF DEMANDS FOR GRANTS
22. POLICE
Cut Motions
(i) Unsatisfactory state of Bus transport *(Cont.)*

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടു വന്നതിൽ ഇതിന്റെ അവതാരകനെ ഞാൻ ആദ്യമായി അഭിനന്ദിക്കുന്നു. *"To discuss the unsatisfactory state of bus transport in Cochin and to make certain suggestions to the Traffic Department regarding the policy underlying the control of bus traffic".* ഇതാണു് ഉപക്ഷേപം. ഈ ഉപക്ഷേപകത്താവു് ഇത്തരത്തിൽ ഒരു ഉപക്ഷേപം കൊണ്ടുവന്നതിന്റെ അർത്ഥമെന്താണെന്നു എനിക്കു മനസ്സിലാക്കുവൻ സാധിച്ചിട്ടില്ല.

മിസ്റ്റർ എം. കെ. രാജാ: പിന്നെ ഏതുരൂപത്തിൽ വേണമെന്നാണു് പറയുന്നതു്?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ മാന്യ മെമ്പർ അംഗമായിട്ടുള്ള പ്രജാമണ്ഡലം കക്ഷിയിലെ വേറെ ഒരു മാന്യമെമ്പർ കഴിഞ്ഞ ബഡ്ജറ്റുസമ്മേളനത്തിൽ ട്രാൻസപോർട്ടു് സംബന്ധമായി ഒരു ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിലേക്കു ഞാൻ വരുന്നു. ഈ ഉപക്ഷേപത്തെപ്പറ്റി കൊച്ചിയിലെ ബസ്സുട്രാൻപോർട്ടു് വളരെ നല്ല നിലയിലല്ലെന്നു ഇന്നലെ ബഹുമാനപ്പെട്ട ട്രാൻപോർട്ടു് മെമ്പർ സമ്മതിച്ചിട്ടുണ്ടു്. അതൊരു സർവ്വസമ്മതമായ സംഗതിയാണെന്നു ബസ്സു്സർവ്വീസിനെപ്പറ്റി അറിയാവുന്ന ആളുകൾക്കൊക്കെ അറിയാം. അതിനാൽ ഉപക്ഷേപത്തിന്റെ പൂർവ്വപക്ഷം സമ്മതിക്കപ്പെട്ടുകഴിഞ്ഞു. ഞാൻ ആരേയും ആക്ഷേപിക്കുകയല്ല ഇതുസംബന്ധമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരും മന്ത്രിതന്നെയും പാടുള്ളതു ശ്ലാഘപതിക്കുന്നുണ്ടെന്നു പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതിൽ 80 ശതമാനത്തോളം വകവെച്ചു കൊടുക്കുവാൻ ഞാൻ തയ്യാറാണു്.

പ്രജാമണ്ഡലം കക്ഷിയിലെ ഒരു പ്രമുഖാംഗമായ ഒരാൾ കഴിഞ്ഞകൊല്ലത്തിൽ ഇതു സംബന്ധമായി ഒരു ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചു എന്നു ഞാൻ പറഞ്ഞുവല്ലൊ. അതു് ഞാൻ ഇവിടെ വായിക്കാം. *"I move to reduce the allotment of Rs. 9,40,207 to point out the necessity of taking all transport services of the State to be managrd by Government"* അതു അദ്ദേഹം സകാരണം നിയമസഭയുടെ മുമ്പാകെ വെക്കുകയുണ്ടായി. അപ്പോൾ മന്ത്രികക്ഷിയിലെ വേറെ ഒരു ആൾ, ഏതൊ ഒരുകക്ഷിയുടെ ഡപ്യൂട്ടി ലീഡർ എന്നെല്ലാം പറയുന്ന ഒരുമാന്യൻ ആ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രസംഗം നോക്കിയപ്പോൾ അതിന്റെ അവസാനത്തിൽ വളരെ ശക്തിയായി അതിനെ പിന്താങ്ങിയിട്ടുണ്ടെന്നു കാണുന്നു. അപ്പോൾ ഇന്നത്തെ മന്ത്രികക്ഷിയിലെ പ്രധാന നേതാക്കന്മാരും, പ്രജാമണ്ഡലം മെമ്പർമാരും ഇതിനെ പിന്താങ്ങി സംസാരിച്ചിട്ടുണ്ടു്. അവരുടെ ഉദ്ദേശം കഴിഞ്ഞകൊല്ലം അതായിരുന്നു.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഇക്കൊല്ലത്തിലും ആ ഉദ്ദേശമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ കൂട്ടുകെട്ടിലെ ഒരു വിഭാഗമായ, സോഷ്യലിസ്റ്റുകാർ എന്നു സ്വയം അഭിമാനിക്കുന്ന ആ സപ്തർഷികളുടെ ഡപ്യൂട്ടിലീഡറും അതിനെ പിന്താങ്ങിയിട്ടുണ്ടാവാതെ കിഴികയില്ല. മറ്റൊരു ഭാഗമായ നവഗ്രഹങ്ങളുടെ തലവനാണു് ട്രാൻപോർട്ടു് ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷൻ എന്നുള്ളതു് ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണു്. അതുകൊണ്ടു് ഈ അവതാരകൻ സൂചിപ്പിച്ച സംഗതികളൊന്നും ബസ്സുട്രാൻസ്പോർട്ടിനെ നന്നാക്കുവാൻ വേണ്ടതു് അതൊ സമൂലപരിവർത്തനമാണൊ വേണ്ടതു് എന്നാണു് ഞാൻ സംശയിക്കുന്നതു്. ഏതാണു് വേണ്ടതു് എന്നുള്ളതു് അവർ അന്നത്തെ ഉപക്ഷേപത്തിൽ ഉന്നയിച്ചിട്ടുണ്ടായിരുന്നു. ആ ഉപക്ഷേപത്തിൽ പ്രതിവാദിച്ചതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ, അതെ പക്ഷപാതമായതരത്തിൽ നിങ്ങൾ പോകുന്നതിൽ ഞാൻ പരിതപിക്കുന്നു. നിങ്ങൾ എവിടെയാണു് നില്ക്കുന്നതെന്നു എനിക്കു നിശ്ചയമില്ല. അന്നത്തെ ആ ഉപക്ഷേപത്തെ ശ്രീ. പറമ്പിലോനപ്പൻ പിന്താങ്ങിയിട്ടുണ്ടു്. എന്നതന്നെയല്ല നിങ്ങളുടെ എല്ലാപേരുടേയും സപ്പോർട്ടുകൊണ്ടു് അവതാരകൻ ഉപക്ഷേപം പ്രസ്സു ചെയ്യുകയും സഭ അതു ഐകകണ്ഠ്യേന പാസാക്കുകയുമാണു് ചെയ്തതു്. ഫൻർന്നു ആ ഗസ്സു് നു-ാംനു-യിലെ പ്രൊസീഡിംഗ്സിൽ നിന്നാണു് ഞാനിതു എടുത്തുപറയുന്നതു്. ഇതു കഴിഞ്ഞു പതിന്നാലു ദിവസം കഴിഞ്ഞപ്പോൾ ട്രാൻസ്പോർട്ടു് ദേശീയമാക്കണമെന്നു വാദിച്ചു

LIBRARY ARCHIVES Kerala Legislative Assembly

]Mr. P. Kumaran Ezhuthassan]

ആളുകൾ, എപ്പോഴും ഉത്തരവാദിത്വഭരണം കൊടുക്കുന്നതിനു തയ്യാറാണെന്നു പ്രസ്താവിച്ചിട്ടുള്ള മഹാരാജാവു തിരുമനസ്സിൽനിന്നും അതു പിടിച്ചുപറ്റുമെന്നു പറഞ്ഞുകൊണ്ടിരുന്ന ആളുകൾ, അധികാരത്തിൽ വന്നു. അവർ അധികാരത്തിൽ വന്നപ്പോൾ ഞാൻ വിചാരിച്ചു കൊച്ചിരാജ്യത്തെ സകല ആളുകൾക്കും സൌകര്യമായ വിധത്തിൽ ബസ്സിൽ യാത്രചെയ്യുവാൻ സാധിക്കുമെന്നു്. ആവശ്യമില്ലെങ്കിൽക്കൂടി കൊച്ചിരാജ്യത്തിന്റെ ഒരു തലക്കൽനിന്നും മറേറതലവരെ പോകുവാൻ തക്കവിധത്തിൽ ഒരു സക്കാർ ബസ്സു് സർവ്വീസു് ഉണ്ടാകുമെന്നാണു് ഞാൻ വിചാരിച്ചതു്. അതു് നടപ്പിൽവരുത്തുവാൻ അവർ വല്ലതും പരീക്ഷണങ്ങൾ നടത്തിനോക്കിയൊ എന്നു നോക്കിയതിൽ അതും അസ്ഥാനത്തായി ആ കക്ഷിയിലെ ഒരു പ്രമുഖാംഗമായ ശ്രീമാൻ രാജാ അവർകൾ കൊണ്ടുവന്ന ഈ ഉപക്ഷേപം കാണുമ്പോൾ അവർ എവിടേക്കാണു് പോകുന്നതെന്നു് എനിക്കു സംശയമായി. കഴിഞ്ഞ കക്ഷടകമാനത്തിൽ അവർ പറഞ്ഞതൊക്കെ മറന്നു എന്നു വിചാരിക്കാതിരിക്കുവാൻ ഒരു ന്യായവുമില്ല. പ്രജാമണ്ഡലത്തിന്റെ ഡപ്യൂട്ടി ലീഡർ പറയുന്നു ഇന്നും അവിടെതന്നെയാണു് അവർ നില്ക്കുന്നതെന്നു്. പ്രായോഗികമായി നോക്കുന്നതായാൽ നിങ്ങൾക്കു അന്നു പറഞ്ഞ ഈ സംഗതിയിൽ യാതൊന്നും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ടെയിനിംഗിനു ആളെ അയക്കുവാൻ തീർച്ചയാക്കിയെന്നു ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതിന്റെ പുസ്തകങ്ങളൊക്കെ എന്റെ കയ്യിലുണ്ടു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: എന്നാൽ സംഗതികൾ മറച്ചുവെച്ചു സംസാരിക്കേണ്ട.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എനിക്കു കാര്യങ്ങൾ മറച്ചുവെച്ചിട്ടു യാതൊരാവശ്യവുമില്ല. നിങ്ങളാണു് മറച്ചുവെക്കുന്നതു്. സർ, ഈ വിഷയത്തെപ്പറ്റിയുള്ള ചോദ്യത്തിനു മറുപടിയായി അതായതു് ബസ്സു് ട്രാൻസ്പോർട്ട് നാഷണലൈസു ചെയ്യുവാൻ വല്ല ഉദ്ദേശവുമുണ്ടൊ എന്നു ചോദിച്ചതിനു ഉദ്ദേശമുണ്ടു് എന്നു മറുപടി പറഞ്ഞു. സപ്ലിമെന്ററിയായി ബോട്ടു സർവ്വീസു് നാഷണലൈസു് ചെയ്യുന്നുണ്ടൊ എന്നു ചോദിച്ചപ്പോൾ അതും ഉദ്ദേശമുണ്ടു് എന്നുപറഞ്ഞു. ബസ്സു് ട്രാൻസ്പോർട്ട് നാഷണലൈസു് ചെയ്യുവാൻ നിങ്ങൾ നൈസാമിന്റെ രാജ്യത്തൊന്നും പോകേണ്ട കാര്യമില്ല. നിങ്ങൾക്കു അധികാരമില്ലാതിരുന്ന കാലത്തു നിർബ്ബന്ധപൂർവ്വം ഈ നിയമസഭയിൽ പാസാക്കിയ ഐക്കകണ്ഠ്യേന പാസാക്കിയ, സംഗതി നിങ്ങൾക്കധികാരം കിട്ടിയശേഷം നടപ്പിൽവരുത്തുവാൻ എക്സ്പട്ടിനെ അനേഷിച്ചുപോയി, അതിനു നിഷേധരൂപത്തിലുള്ള മറുപടിയാണു് കിട്ടിയതു് എന്നു പറഞ്ഞാൽ മതിയൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. വൈദികന്മാരേയും അദ്ധ്യാപകന്മാരേയും ബസ്സിൽ നിന്നിറക്കുന്നതു് വാസ്തവമാണെന്നു പറഞ്ഞാൽ മതിയൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഫർ ർ ന്നു ആഗസ്റ്റു് നു-ാംനു- നിങ്ങൾ ഉന്നയിച്ച സംഗതികൾ നടപ്പിൽവരുത്താത്ത സ്ഥിതിക്കു നിങ്ങളുടെ ചിന്താഗതി ആ വിഷയത്തിൽ ത്വരിതപ്പെടുത്തുവാൻവേണ്ടി പറയുമ്പോൾ അദ്ദേഹത്തിന്റെ പ്രമേയം വേറെതരത്തിലുള്ളതായിരുന്നു എന്നാണു് പറയുന്നതു്. ഇതെല്ലാം കാണുമ്പോൾ നിങ്ങൾ എവിടേക്കാണു് പോകുന്നതെന്നു എനിക്കു മനസിലാക്കുവാൻ പ്രയാസമായിരിക്കുന്നു. നിങ്ങളുടെ ആലോചനകൾ ഇങ്ങിനെ വെച്ചുകൊണ്ടിരുന്നാൽ മതിയൊ? ആലോചിച്ചാലോചിച്ചു കൊണ്ടുപോകുന്നതുകൊണ്ടു യാതൊരു കാര്യവുമില്ല.

റാവുബഹദൂർ ടി. കെ. നായർ: ആലോചിക്കണ്ടേ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആലോചിക്കേണ്ട ആവശ്യമില്ല എന്നു ഞാൻ പറയുന്നില്ല. അതു അടിയന്തിരമായ സാധിച്ചുതരണമെന്നേ ഞാൻ പറയുന്നുള്ളൂ. നിങ്ങൾ അവിടെയിരുന്നുകൊണ്ടു് വിസ്തൃതപ്പെടുത്തുകയാണെങ്കിൽ ഞങ്ങൾക്കതിൽ സങ്കടമുണ്ടു്. നിങ്ങൾ നന്നായി വരണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. ഞങ്ങളുടെ ആലോചനകൾക്കു വേഗത കൂട്ടി അടിയന്തിരമായി രാജ്യത്തുള്ള സകല ട്രാൻസ്പോർട്ടും നാഷണലൈസു് ചെയ്യണം എന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഇവിടത്തെ ട്രാൻസ്പോർട്ടുകൾ നാഷണലൈസു് ചെയ്യുന്നതിനു നിങ്ങൾ ഹൈദരബാദിലേക്കൊന്നും പോകണമെന്നില്ല; നമ്മുടെ അയൽ രാജ്യമായ തിരുവാംകൂറിലേക്കൊന്നു പോയാൽമതി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ : അവിടെ നടക്കുന്നതു് നാഷണലൈസ് ചെയ്യുവാനാണൊ?

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : അവിടെ നടക്കുന്ന നല്ലകാര്യങ്ങളം മാത്രം നാംനോക്കിയാൽ മതി. നമുക്കു സ്വീകാര്യമായ സംഗതിയുണ്ടെങ്കിൽ മാത്രം ഇവിടെ നടപ്പാക്കിയാൽ മതി. ചീത്തകാര്യങ്ങളം നാം എടുക്കണമെന്നില്ല. നമുക്കു സ്വീകാര്യമായ പലതും അവിടെ നടപ്പിലുണ്ടു്. എന്റെ മാന്യസ്നേഹിതൻ കൊണ്ടുവന്ന പ്രമേയം, കൂട്ടുകക്ഷിയിലെ സകല മെമ്പർമാരും, ഈ ഹൌസിലെ എല്ലാമെമ്പർമാരും സ്വീകരിച്ച ഒരു പ്രമേയം പതിനൊന്നു മാസം കഴിഞ്ഞിട്ടും പ്രസവിച്ചിട്ടില്ലെങ്കിൽ സാധാരണ പത്തുമാസം കഴിഞ്ഞാൽ പ്രസവിക്കും; പിന്നെയും പ്രസവത്തിലേക്കായിട്ടില്ലെങ്കിൽ ഡാക്ടറെ വിളിച്ചാൽപോര നിങ്ങളെ കൊല്ലുകതന്നെ വേണ്ടിവരും. തക്കസമയത്തു ഡാക്ടറെ വിളിച്ചാൽ ശസ്ത്രക്രിയകൂടാതെതന്നെ കുട്ടിയെ പ്രസവിച്ചു എന്നുവരും. സമയം തെറ്റിയാൽ ചിലപ്പോൾ തള്ളയും കുട്ടിയും നഷ്ടപ്പെട്ടു എന്നുവരും. അതുകൊണ്ടുഎത്രയും പ്രായോഗികമായ തത്വങ്ങളെപ്പറ്റി ആലോചിച്ചു് വേണ്ടതൊന്നും ചെയ്യാതിരിക്കുന്നതുകണ്ടിട്ടു് എനിക്കു സങ്കടംതോന്നുന്നുണ്ടു്. അതുകൊണ്ടു് കൊച്ചിയിലെ എല്ലാജനങ്ങളും പ്രതീക്ഷിക്കുന്ന ഇവിടത്തെ ടാൻസ്പോർട്ട് നാഷണലൈസ് ചെയ്യുകയും ഉടനടി നടപ്പിൽ വരുത്തണമെന്നാണു് എനിക്കു നിർദ്ദേശിക്കുവാനുള്ളതു്.

Mr. Paramel Ipe Ipe *(Kunnamkulam)*: Mr. President, The question of nationalisation of bus service is purely a matter outside the scope of the issue involved in the cut motion before us. So, I would like to confine myself to throw out some glaring defects in the bus services as it exists today. According to me, the root cause of all defects that we observe in the bus traffic is want of sufficient number of buses, sufficient to cope with the increasing number of passengers that have to travel along these bus lines. Especially in Trichur bus-stand we find there will be a rush of passengers in the evening hours. But the explanation given by the traffic authority is, we cannot increase bus service to cater the needs of a certain section of people who want to go away from Trichur after office hours and after business hours. My view is that it is the duty of the traffic authority to find means of travelling convenience for the public whatever may be the time or hour that they seek to travel. The problem of booking office and the difficulties of establishing a booking office at Trichur is also another question for which the traffic authority say that there is no convenience. But what I say is, where is the difficulty in allowing the passengers to get into the buses and then purchase ticket from the conductor. That argument is again met by the traffic authority by saying that there will be a rush of people who want to get down from the bus and there will be a rush of people who want to get into the bus. That again is due to the fact that there are not enough number of buses to accommodate the passangers waiting for buses. That is the only reason. So, the whole thing can be remedied by freely allowing some more people to run more buses. I understand there are ever so many applications to start new buses, but Government says there will be unhealthy competition. Is the Government trying to avoid all unhealthy competitions in all industrial matters or commercial matters. Supposing, I start a particular ration shop or stationery shop in the Broadway at Ernakulam, is the Governement putting any restriction on another person to start another stationery shop in the Broadway? I look upon the bus service as a purely commercial matter, which everybody with capital can launch upon and try his chance in that line. If that is the case, there will be no case at all for the traffic authority to say that there will be unhealthy competition and thereby many of the bus-owners will become bankrupts. On that view, what I say is that every bus-owner or every new enterpriser who wants to start new bus lines or wants to run a new bus in a particular line must be allowed. There are people who say that they are prepared to fit buses with gas plant. Then, the question of the scarcity of petrol does not arise at all. So, my humble suggestion in the matter is to allow every person who wants to start new bus services to do so, and to have his own choice in the matter.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് ഞാൻ സംസാരിക്കണമെന്നു് വിചാരിച്ചിരുന്നില്ല. പക്ഷെ സാധാരണ അധികാരത്തിൽ ഇരിക്കുന്നവരെ കൊല്ലുവാൻ ഡോസുഡോസായി മരുന്നുകൊടുത്തു കൊല്ലുവാൻ പരിചയിച്ചിട്ടുള്ള മിസ്റ്റർ എഴത്തച്ഛന്റെ ആ ഡോസിനു് ഒരു എതിർ ഡോസു കൊടുക്കാതെയിരുന്നാൽ വൈഷമ്യമല്ലെ എന്നു് വിചാരിച്ചാണു് ഞാൻ സംസാരിക്കുവാൻ മുതിരുന്നതു്. അദ്ദേഹത്തിന്റെ ആ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthur Achyuta Menon]

ക്ഷേപം, കഴിഞ്ഞ കർക്കടകമാസത്തിൽ പ്രജാമണ്ഡലത്തിലെ ഒരു മെമ്പർ ട്രാൻസ്പോർട്ട് എല്ലാം നാഷണലൈസ് ചെയ്യണമെന്ന ഒരു പ്രമേയം കൊണ്ടുവന്നു; അതു് സർവ്വസമ്മതമായി പാസ്സാക്കി; ഇപ്പോൾ എന്റെ സ്നേഹിതൻ മിസ്റ്റർ എം. കെ. രാജാ ബസ്സ് ട്രാൻസ്പോർട്ട് ദേശീയമാക്കണമെന്നുള്ള ആദർശത്തിൽനിന്നും, വ്യതിചലിച്ചിരിക്കുന്നു എന്നാണു്. പക്ഷെ അദ്ദേഹത്തിന്റെ അനുമാനം എത്രത്തോളം വാസ്തവമാണെന്നു് ഏതാനും ദിവസംമുമ്പു് ഇവിടെ ഉണ്ടായ ചോദ്യോത്തരസമയത്തു് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടു്. ബഞ്ചു് മാറുന്നതോടുകൂടി ആദർശം മാറുന്ന പരിചയം ഞങ്ങൾക്കില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പക്ഷെ അനുഭവംകൊണ്ടു കാണുന്നുണ്ടു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ആദ്യം സെയിൽസു് ടാക്സിന്റെ കാര്യം വന്നപ്പോഴും, ഇപ്പോൾ സെയിൽസ്ടാക്സിന്റെ കാര്യം വന്നപ്പോഴും ഞങ്ങൾ എടുത്തനിലയ്ക്കുതന്നാണു്. ആദ്യം ആ ബിൽ ചർച്ചചെയ്തപ്പോൾ ഞങ്ങൾ എതുപക്ഷമായിരുന്നു. ഇപ്പോൾ ഗവണ്മെണ്ടു് ഭാഗത്താണു്. നയം മാറുവാൻ ഞങ്ങൾ പരിചയിച്ചിട്ടില്ല. ആദർശത്തിൽ വിട്ടുവീഴ്ച ചെയ്യുവാൻ ഞങ്ങൾ തയ്യാറില്ല. തഞ്ചംപോലെ തരംമാറുവാൻ പരിചയമുള്ള എന്റെ സ്നേഹിതൻ എഴുത്തച്ഛൻ ഈ സംഗതിയിലും എതുകക്ഷിയെ ആക്ഷേപിക്കാൻ പഴുതുകണ്ടു എന്നു് മാത്രമേ ഇതിനർത്ഥമുള്ളൂ. സർ, അദ്ദേഹത്തിന്റെ പ്രസംഗം കടലാസ്സുവഴി കൊച്ചിയിലെ പൊതുജനങ്ങളെ അറിയിക്കണമെന്നു മാത്രമാണു് അദ്ദേഹത്തിന്റെ ഉദ്ദേശം. ഇന്നത്തെ കക്ഷി മന്ത്രിസ്ഥാനം ഏറെറടുത്ത ശേഷം ഏറവും സുഗമമായ രീതിയിൽ ഒരു കായ്ം എർപ്പെടുത്തണമെന്നു് വിചാരിച്ചിട്ടുള്ളതു് ട്രാൻസ്പോർട്ടു് ദേശീയമാക്കുക എന്നുള്ളതാണു്. അതു് ഏതാനും ദിവസങ്ങൾക്കുള്ളിൽ നടപ്പാക്കണമെന്ന ഉദ്ദേശത്തിൽ ആലോചനയിലിരിക്കുന്നതുമാണു്. ബഹുമാനപ്പെട്ട മന്ത്രി അതിനു് വേണ്ടതായ ആലോചനകൾ നടത്തിക്കൊണ്ടിരിക്കുന്നതായി അറിയുന്നതിൽ എനിക്കു സന്തോഷമുണ്ടു്. ഈ ട്രാൻസ്പോർട്ടു് ദേശീയമാക്കാൻ തെക്കോട്ടു് പോയാൽ പോരെ എന്നൊക്കെ ചോദിച്ചാൽ അതിൽ അർത്ഥമില്ല. ബസ്സു് ട്രാൻസ്പോർട്ടു് ദേശീയമാക്കാനുള്ളതായ നടപടികൾ തിരുവിതാംകൂറിൽ എടുത്തു കഴിഞ്ഞിട്ടില്ല. അവിടെ വളരെ സ്വകായ്ു വ്യക്തികൾ ബസ്സുടമസ്ഥന്മാരായിട്ടുള്ള ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് ഇക്കായ്ത്തിൽ തിരുവിതാംകൂറിനെ അനുകരിക്കുവാൻ തരമില്ല. ബസ്സു് ട്രാൻസ്പോർട്ടു് ദേശീയമാക്കുക എന്നു് പറയുന്നതു് നല്ലവണ്ണം കായ്ങ്ങൾ പഠിച്ചു് മനസ്സിലാക്കി, എല്ലാവക്കും ഉപകാരപ്രദമാംവണ്ണം പ്രായോഗികതയിൽ കൊണ്ടുവരേണ്ടുന്ന സംഗതിയാണു്. ഇതു് ജനങ്ങളുടെ ആവശ്യത്തിനു് വേണ്ടിചെയ്യുന്ന ഒരു കായ്മാകയാൽ ജനങ്ങളുടെ കാശെടുത്തു് കണ്ടമാനം ധൂർത്തടിച്ചു് കളയുവാനുള്ളതല്ല എന്നു് എന്റെ മാന്യസ്നേഹിതൻ പറയാറുള്ളതിനെ അനുസ്മരിപ്പിച്ചു കൊള്ളുന്നു. അതു് ഏറവും നല്ലനിലയിൽ നടത്തിപ്പോരുന്നതിനുള്ള പ്രാതി ഹൈദരാബാദിലുണ്ടെന്നാണു അറിയുന്നതു്. നാം അവരോടു് നമ്മെ ഉപദേശിക്കാൻ ആളെ ആവശ്യപ്പെട്ടു. അവർക്കു തല്ക്കാലം ആളെ അയക്കാൻ നിവൃത്തിയില്ല എന്നു് അറിയുന്നതായും, അതിനു് വേണ്ട പരിചയം ലഭിക്കുവാൻ ഇവിടെനിന്നു് ഒരാളെ അയക്കുവാൻ ആലോചിക്കുന്നുണ്ടെന്നും ഏതാനും ദിവസംമുമ്പു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു കഴിഞ്ഞു. നാട്ടിലുള്ള ജനങ്ങൾക്കെല്ലാം ഉപകാരപ്രദമായ രീതിയിൽ ട്രാൻസ്പോർട്ടു് ദേശീയമാക്കുവാൻ പതിനൊന്നു മാസമൊ അതിൽ കൂടുതലൊ എടുക്കുന്നതു് എന്നല്ല നോക്കേണ്ടതു്. നിങ്ങൾ നോക്കേണ്ടതു് ഈ കക്ഷി അധികാരത്തിൽ വന്നതിനുശേഷം അവർ നിന്നിരുന്ന ആദർശത്തിൽനിന്നും വ്യതിചലിച്ചിട്ടുണ്ടൊ എന്നാണു്. ഏതാനും ദിവസം മുമ്പു ഞങ്ങളിൽ പലരും ഉൾപ്പെട്ടിരുന്ന പ്രൊഹിബിഷൻ കമ്മിറ്റി ട്രാൻസ്പോർട്ടു് ദേശീയമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടു് എന്ന ആ റിപ്പോർട്ടു് നോക്കിയാൽകാണാം. ഈ ട്രാൻസ്പോർട്ടു് ദേശീയമാക്കുന്നകായ്ത്തെ സംബന്ധിച്ചിടത്തോളം ഒരു വിദഗ്ദ്ധന്റെ സഹായത്തിനായി ഹൈദരാബാദിലേക്കു് എഴുതീട്ടുണ്ടെങ്കിലും അവിടെനിന്നു് ആളെ അയക്കാനില്ലെന്നും, ഒരാളെ അയക്കുന്നപക്ഷം വേണ്ടത്തക്ക പരിശീലനം നല്കുമെന്നും മറുപടികിട്ടിയസ്ഥിതിക്കു് ഒരാളെ ഇവിടെനിന്നും അയക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നു നിങ്ങൾക്കു കാണാൻ സാധിക്കുമെങ്കിൽ, ഫ്രണ്ട്-ൽ ഈ കക്ഷിയെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്ന ആ ആദർശത്തിൽത്തന്നെയാണു് ഇന്നും നില്ക്കുന്നതു് എന്നു നിങ്ങൾക്കു മനസ്സിലാകും. പക്ഷെ മോട്ടോർ ട്രാൻസ്പോർട്ട ദേശീയമാക്കുന്നതുവരെ ആളുകൾക്കു വണ്ടിയിൽ കയറിപ്പോകണം. തള്ളിയാലും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടില്ല, ഉന്തിയാലും വേണ്ടില്ല, ബസ്സിൽ സ്ഥലമില്ലാതെ എവിടെയെങ്കിലും തൂങ്ങിനിന്നാലും വേണ്ടില്ല, കത്തനാരുടെ കൂപ്പായം കീറി കൈക്കു് പിടിച്ചു് വലിച്ചാലും വേണ്ടില്ല എന്നൊക്കെ വിചാരിച്ചുകൊണ്ടിരിക്കുവാൻ തരമില്ല. ദേശീയമാക്കുന്നതുവരെ, ഇപ്പോൾ കാണുന്ന ന്യൂനതകൾക്കു് പരിഹാരമുണ്ടാക്കണം. ഈ ഉപക്ഷേപത്തിന്റെ വ്യാഖ്യാനം എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ എഴത്തശ്ശൻ പറഞ്ഞതല്ല എന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ജനകീയമന്ത്രിമാർ ഫ്രഫഫ ചിങ്ങത്തിൽ ഭരണം ഏറ്റെടുത്തു കുറച്ചു മാസംതിയ്യതിക്കു മുമ്പു് ട്രാൻസ്പോർട്ടു് മുഴുവൻ Nationalise ചെയ്തിട്ടില്ല എന്നും, അതു് ചെയ്തിരുന്നു എങ്കിൽ ഒരു ഭാഗത്തുനിന്നു മറ്റെ അറ്റംവരെ ബസ്സിൽ സുഖമായും സൌകര്യമായും യാത്ര ചെയ്യാമായിരുന്നു എന്നും ബഹുമാനപ്പെട്ട മെമ്പർ ആശിച്ചിരുന്നതു് ചെയ്യാതിരുന്നതിൽ ബഹുമാനപ്പെട്ട മെമ്പർക്കു് വലിയ നിരാശയുണ്ടെന്നും പറയുന്നതിൽ എനിക്കു വളരെ അത്ഭുതമാണു് തോന്നുന്നതു്. ഈ ഒരു മാസത്തിനുള്ളിൽ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ട്രാൻസ്പോർട്ടു് നാഷണലൈസ് ചെയ്യണമെങ്കിൽ അറബിക്കഥകളിൽ വായിച്ചമാതിരി Alladin and the wonderful lamp എന്നതിലെ wonderful lamp-ഓ മറ്റൊ കൊണ്ടുവരേണ്ടതായ അവശ്യമുണ്ടാകും. എനിക്കിതിൽ പറയാനുള്ളതു് ട്രാൻസ്പോർട്ടു ചെയ്യുന്നതിനെ സംബന്ധിച്ചു ഗർക്കാലത്തെക്കുറിച്ചൊക്കെപറയുന്നതു കേട്ട എങ്കിലും, ഗർഭമുള്ള സ്ത്രീകൾപോലും ബസ്സ് കയറാൻ ചെന്നാൽ വളരെ ബുദ്ധിമുട്ടായിട്ടാണു് ഇപ്പോൾ ഇരിക്കുന്നതെന്നും, എന്നാൽ അങ്ങിനെയുള്ള സ്ത്രീകൾക്കു് കുറച്ചു പ്രത്യേകിച്ചു 'സൌകര്യം ഈ ബസ്സുകളിൽ ചെയ്തുകൊടുക്കണമെന്നുമാണു്. ഇക്കാര്യത്തെക്കുറിച്ചു് ഞാൻ ഇതിനുമുമ്പു് പറയുകയുണ്ടായി. Second seat നിവൃത്തിയുണ്ടെങ്കിൽ സ്ത്രീകൾക്കായി ഒഴിച്ചുകൊടുക്കാൻ ബസ്സുടമസ്ഥന്മാരെ ഉപദേശിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടു് ഞാൻ പറഞ്ഞിട്ടുള്ളതാണു്. ബസ്സുകയറാൻ ചെല്ലുമ്പോൾ ഉള്ള വിഷമം അത്രത്തോളമുണ്ടു്. സ്ത്രീകളുടെ പ്രാതിനിധ്യകാര്യത്തെക്കുറിച്ചു് പറഞ്ഞപ്പോൾ സ്ത്രീകൾക്കു് ഒരു upper house വെയ്ക്കുകയായിരിക്കും എന്നു പറഞ്ഞതുപോലെയല്ല ഈ ബസ്സിലെ യാത്രക്കാര്യം. ഈ ബസ്സുകളിൽ മദ്രാസ്സിലേയൊ ബോംബെയിലേയൊ മാതിരി ഒരു upper house ഉള്ള ബസ്സുണ്ടാക്കാൻ സാധിക്കുമെങ്കിൽ അതു് വളരെ ഉപകാരപ്രദമായിരിക്കും. സ്ത്രീകൾക്കു ബസ്സിൽ പ്രത്യേക സൌകര്യം ചെയ്തുകൊടുക്കണമെന്നും അതിനു ബഹുമാനപ്പെട്ട മന്ത്രി ബസ്സുടമസ്ഥന്മാരെ താക്കീതുചെയ്യണമെന്നുമാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ പി. മാണി: കഴിഞ്ഞകൊല്ലം ഈ നിയമസഭയിൽ ഇവിടത്തെ ട്രാൻസ്പോർട്ടു് ദേശീയമാക്കണമെന്ന പ്രമേയം അവതരിപ്പിച്ചതു് ഞാനാണു്. ഞാനുംകൂടി ഉൾപ്പെട്ടിട്ടുള്ള പ്രജാമണ്ഡലം പാർട്ടി ഭരണം ഏറ്റെടുത്തിട്ടും ഇതു് നടപ്പിലാക്കിയിട്ടില്ല എന്നാരാക്ഷേപമാണു് ഇന്നു വാദവിഷയമായി വന്നിട്ടുള്ളതു്. ഒരു ദിവസം നേരം വെളുക്കുമ്പോൾ ബസ്സുകളെല്ലാം ദേശീയമാക്കാൻ ഒരു നിയമം പുറപ്പെടുവിച്ചു് ഏതാനും ചില വഴികളിൽ മാത്രം ബസ്സുകൾമാത്രം ഗവർമ്മെണ്ടു് ഏറ്റെടുത്തു നടത്തണമെന്നു് ഈ കക്ഷിക്കു് അഭിപ്രായമില്ല. അതെങ്ങിനെ നാഷണലൈസേഷനാകുമെന്നു ഞാൻ ചോദിക്കുന്നു. ട്രാൻസ്പോർട്ടു് ദേശീയമാക്കുകയാണെങ്കിൽ അതു സർവ്വതരത്തിലും ഈ നാട്ടിലെ ജനങ്ങൾക്കു് ഉപകാരപ്രദമാകണം. ചിലവു ചെയ്യുന്ന ഒരു പൈപോലും നഷ്ടപ്പെടാതെയിരിക്കണമെങ്കിൽ അതിനു വിദഗ്ദ്ധാഭിപ്രായം അറിയേണ്ടതും വിദഗ്ദ്ധന്മാർ നമുക്കുണ്ടായിരിക്കേണ്ടതും വളരെ അവശ്യമാണു്. ഇതിനെസംബന്ധിച്ചു ഷോലികം തിട്ടക്കത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നു ഞാൻ പറയുന്നു. ഇതു് ഉടനെ ദേശീയമാക്കാത്ത കാര്യത്തിൽ ഇന്നു് അധികാരത്തിലിരിക്കുന്ന കക്ഷിയോ മന്ത്രിമാരൊ അശേഷം അശ്രദ്ധ കാണിക്കുന്നില്ല. ഇവിടത്തെ ട്രാൻസ്പോർട്ടു് അതോറിട്ടി പുതിയ ബസ്സുകൾക്കു പെർമിറ്റു കൊടുക്കുന്ന അവസരങ്ങളിൽ പലപ്പോഴും ഈ ആദർശം മുൻനിറുത്തി പല ബസ്സുസർവ്വീസുകളും ഇവിടത്തെ മുനിസിപ്പാലിറ്റികൾക്കു കൊടുക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. മുനിസിപ്പാലിറ്റികൾ മുന്നോട്ടുവരുന്നുണ്ടെങ്കിൽ അവരെ ഏല്പിക്കാൻവേണ്ടി ഇന്നു ചില പുതിയ സർവ്വീസുകളെങ്കിലും മാറ്റാൽക്കും കൊടുക്കാതെ മാറ്റിവെച്ചുകൊണ്ടിരിക്കുന്നു. ഇതു് ദേശീയമാക്കാനുള്ള ഗവർമ്മെണ്ടിന്റെ ആഗ്രഹംകൊണ്ടുമാത്രമാണെന്നു ഞാൻ ഉറപ്പിച്ചുപറഞ്ഞുകൊള്ളട്ടെ. യാത്രചെയ്യുവാൻ വളരെ പ്രയാസം ഇന്നത്തെ ബസ്സുസർവ്വീസ്സിൽ ഉണ്ടു്. അതു് പല കാരണങ്ങളാലും അനുഭവപ്പെട്ടുവരുന്നു. പ്രധാനമായി നേരിട്ടിട്ടുള്ളതു് petrol-ന്റെ കുറവാണു്. അതിനെ നമുക്കു് പരിഹരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Mani]

സാദ്ധ്യമല്ല എന്നുള്ള വാസ്തവം നാം മറക്കരുതു്. എന്നിരുന്നാലും കഴിയുന്നതും ബസ്സുകൾക്കു പെട്രോൾ വിതരണകാര്യത്തിൽ മുൻഗണന കൊടുക്കുവാൻ ശ്രമിക്കുന്നുണ്ടു്. ഈ പ്രയാസവും അധികം വിദൂരമല്ലാത്ത ഭാവിയിൽ പരിഹരിക്കപ്പെടുമെന്നു തോന്നുന്നു. ഇന്നു് നാം അനുഭവിക്കുന്ന മറ്റൊരു കഷ്ടപ്പാടു് ബസ്സ് സ്റ്റാണ്ടുകളിൽ സ്ഥലസൌകര്യമില്ലെന്നുള്ളതാണു്. ബസ്സ് സ്റ്റാണ്ടുകളിൽ queue system-ൽ ടിക്കറ്റു് കൊടുക്കുന്നതിനുള്ള യാതൊരുവിധ ഏർപ്പാടുകളും ഇന്നു നടപ്പിലില്ല. അതു നടപ്പാക്കുന്നതിനു പ്രധാന തടസ്ഥം ഇന്നത്തെ ബസ്സുസ്റ്റാണ്ടുകളിൽ അതിനുള്ള സ്ഥലസൌകര്യമില്ലെന്നുള്ളതാണു്. അതു ഏറ്റവും വിഷമംപിടിച്ച സംഗതിയാണു്. അടുത്ത ഭാവിയിൽ പരിഹാരം കണ്ടുപിടിക്കേണ്ട സംഗതിയാണു് അതു്. മറ്റൊന്നു് എനിക്കു് പറയാനുള്ളതു് ബസ്സു് ട്രാൻസ്പോർട്ടു് പോലീസ്സിന്റെ കീഴിലിരിക്കുന്നതുകൊണ്ടു് വളരെ വിഷമമുണ്ടു്. ഇന്നു് ഞാൻ ഇവിടേക്കു വരുമ്പോൾ ഞാൻ യാത്ര ചെയ്തിരുന്ന ബസ്സിൽ ഇടക്കുനിന്നും പത്തു പോലീസ്സുകാർ കയറുകയുണ്ടായി. അവർ ടിക്കറ്റു വാങ്ങുന്നുണ്ടോ എന്നു ശ്രദ്ധിച്ചിരുന്നു. പക്ഷെ അതവർ വാങ്ങികണ്ടില്ല. ഇങ്ങിനെ കാത്തുകൊടുക്കാതെ ഇത്രയധികം പോലീസുകാർ ഒരു ബസ്സിൽ കയറുക എന്നുവന്നാൽ എങ്ങിനെ overload കയറാതെയിരിക്കും. ഇങ്ങിനെയുള്ള പല അഴിമതികളും പോലീസിന്റെ ഇഷ്ടത്തിനു ബസ്സുകാർ പ്രവർത്തിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ പോലീസുകാരിൽനിന്നു പല ദ്രോഹങ്ങളും ബസ്സുകാക്കുണ്ടായിക്കൊണ്ടിരിക്കും. ഏതാനും മാസങ്ങൾക്കുമുമ്പു് ഒരു പോലീസുകാരനോടു് ചാജ്ജു് ചോദിച്ചു എന്നുള്ള കാരണത്തിനു മട്ടാഞ്ചേരിയിലുള്ള പോലീസുസ്റ്റേഷനിൽവെച്ചു് ഒരു കണ്ടക്ടറെ തല്ലിയതായി നിങ്ങൾ പത്രത്തിൽ വായിച്ചുകാണും. ഇത്തരത്തിലുള്ള അനുഭവങ്ങളുണ്ടു് നാം കണ്ടുകൊണ്ടിരിക്കുന്നതു്. ഈ ബസ്സു് ട്രാൻസ്പോർട്ടിലുള്ള നിയന്ത്രണം ഈ പോലീസു് ട്രാൻസ്പോർട്ടുമെൻറിൽനിന്നും മാറ്റുന്നതു് നന്നായിരിക്കയില്ലേ എന്നു ഞാൻ സംശയിക്കുന്നു. ദേശീയമാക്കുകയാണെങ്കിൽ പോലീസ്സിനെ ക്രമതലപ്പെടുത്താതെ സാധിക്കുമെന്നാണു് എന്റെ അഭിപ്രായം. ഇന്നു് ഏതൊരു പോലീസുകാരനും ബസ്സുവഴിയിൽനിന്നു കൈകാണിച്ചാൽ ബസ്സു് അവിടെ നിത്തേണ്ടിയിരിക്കുന്നു. അങ്ങിനെ കൈകാണിച്ചു നിത്തി പോലീസുകാർ അതിൽ സ്ഥലംപിടിക്കുന്നു. ടിക്കറ്റും വാങ്ങുകയില്ല; പണവും കൊടുക്കുകയില്ല. ബസ്സിൽ തിരക്കുകൂടിയിരിക്കുന്ന ഇക്കാലത്തു് ഇവർക്കു പകരം ആളെ കയറ്റിയാൽ ബസ്സിൽ ഓവർലോഡായി. അങ്ങിനെ വളരെ ആളുകൾക്കു യാത്രചെയ്യുവാനുള്ള സൌകര്യമുണ്ടാകാതെ പോകുന്നു. ഇങ്ങിനെ ഇത്രയധികം പോലീസ്സുകാർ ഉള്ള ഒരു ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ ഇതിരിക്കുന്നതുകൊണ്ടു് ഈ ബസ്സുടമസ്ഥൻ എത്ര പണം നഷ്ടപ്പെടുന്നുണ്ടു്? ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഇപ്പോൾ ഇതു മാറണമെന്നിനിക്കു് അഭിപ്രായമില്ല. എനിക്കൊന്നു പറയുവാനുള്ളതു് ഇത്രവളരെ ആളുകളുള്ള ഒരു ഡിപ്പാർട്ടുമെണ്ടിലെ എല്ലാവക്കും ഈ ട്രാൻസ്പോർട്ടിൽ അധികാരം കൊടുക്കാതെ ഇവരിൽ ഏതാനും ആളുകളെ തിരഞ്ഞെടുത്തു് അവക്കുമാത്രം ഈ അധികാരങ്ങളും ഉപയോഗിക്കാൻ അനുവദിക്കുന്നതായാൽ ഈ ദോഷങ്ങൾക്കു വളരെ കുറവുണ്ടാകുമെന്നാണു്. അതല്ല ഒരു പുതിയ ഡിപ്പാർട്ടുമെണ്ടുതന്നെ സൃഷ്ടിക്കുകയാണെങ്കിൽ അതു് കൂടുതൽ ഉപകരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങിനെ ഒരു പുതിയ ഡിപ്പാർട്ടുമെണ്ടുണ്ടാക്കിയാൽ ഇതു് നാഷനലൈസു് ചെയ്യുന്ന അവസരത്തിൽ ഈ ട്രാൻസ്പോർട്ടു് ഭംഗിയായി നടത്തിക്കൊണ്ടുപോകുവാൻ ഉപകരിക്കുമെന്നുകൂടി പറഞ്ഞുകൊണ്ടു് ഞാൻ ഈ ബഡ്ജറ്റോപക്ഷേപത്തെ പിന്താങ്ങുന്നു.

റാവു ബഹദൂർ ടി. കെ. നായർ: സർ, എനിക്കു് ഈ ഉപക്ഷേപത്തെസംബന്ധിച്ചുമറുപടി പറയേണ്ടതായ ഭാരം വളരെഅധികം കുറക്കുന്നതിനു ഈ നിയമസഭയിലെ മെമ്പർന്മാരായ രണ്ടു ട്രാൻസ്പോർട്ടു് അംഗങ്ങൾ പറഞ്ഞതിനാൽ വളരെ അധികം ആശ്വാസം കിട്ടിയിട്ടുണ്ടു്. അവർ പറയാത്തതായ വിഷയങ്ങളെ സംബന്ധിച്ചു മാത്രമെ മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നുള്ളു. മന്ത്രിക്കു് ഈവക കാര്യങ്ങളിൽ ഡയറക്ടായി എത്രത്തോളം കൈ കടത്തുവാനുള്ള സൌകര്യമുണ്ടെന്നുള്ളതു് ഇന്നലത്തെ എന്റെ മാന്യ സ്നേഹിതന്മാരുടെ പ്രസംഗത്തിനുശേഷം എല്ലാവരും മനസ്സിലാക്കീട്ടുണ്ടാവും. ട്രാഫിക്കു് അതോട്ടിയായി, അനുദ്യോഗസ്ഥന്മാരടങ്ങിയ ഒരു കമ്മിറ്റിയെ വച്ചിട്ടുള്ള സ്ഥിതിക്കു് അതിന്റെ പ്രവർത്തനങ്ങളിൽ ഗവൺമെണ്ടു കൈ കടത്തേണ്ട ആവശ്യമില്ല. ഓരോ ലയിനിലും ഇത്ര ഇത്ര

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുവേണം, അതിന്ന ഏതെല്ലാമാണ് സമയം കൊടുക്കേണ്ടതു്, ഏതെല്ലാം ബസ്സുകൾക്കാണ് കൂടുതൽ ട്രിപ്പുകൾ അനുവദിക്കേണ്ടതു്, തിരക്കു വർദ്ധിക്കുന്ന സമയത്തു കൂടുതൽ ബസ്സുകൾ കൊടുക്കണോ, ഇവുക സംഗതികളും മുഴുവൻ ഓരോ ലയിനിലേയും സൌകര്യങ്ങളും നോക്കി ചെയ്യേണ്ട ആവശ്യത്തിലേക്കാണ് ട്രാൻസ്പോർട്ട് അതോറിറ്റിയെ നിയമിച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: കഴിഞ്ഞതവണ ഇവിടെ നടന്ന ചോദ്യോത്തരവേളയിൽ പറഞ്ഞിട്ടുണ്ടു്, ഈ ആവശ്യങ്ങളും മുഴുവൻ ട്രാഫിക്കു അതോറിറ്റിക്കു കൊടുക്കണമെന്നു പറയുന്നതു സാദ്ധ്യമല്ലായെന്നു്. അന്നു ഗവൺമെണ്ടു പറഞ്ഞതു്, മുഴുവൻ അധികാരങ്ങളും ട്രാഫിക്കു മെമ്പർമാർക്കു കൊടുക്കുന്നതു് ശരിയല്ലെന്നാണു്. അന്നത്തെ ചോദ്യോത്തരങ്ങളിൽ നിന്നു് അങ്ങിനെയാണു് ഞാൻ മനസ്സിലാക്കിയതു്. എന്റെ ധാരണ ശരിയാണോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയാണു് ബഹുമാനപ്പെട്ട മെമ്പർ ധരിച്ചതു് എങ്കിൽ അതു ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണു്. പരിപൂർണ്ണ അധികാരം ഉണ്ടെന്നു പറഞ്ഞതിന്റെ അർത്ഥം, ന്യായമായും, യുക്തമായും കാര്യങ്ങൾ നടത്തുന്നതിനുള്ള അധികാരം അവർക്കുണ്ടെന്നാണു്. അവരുടെ അധികാരം ദുരുപയോഗപ്പെടുത്തുന്നപക്ഷം, അതിനെ നിയന്ത്രിയ്ക്കാൻ ഗവൺമെണ്ടുണ്ടു്. ട്രാഫിക്കു് അതോറിറ്റി വഴിപിഴച്ചുപോയാൽ മാത്രമേ ഗവൺമെണ്ടു ഇടപെടുകയുള്ളു. അവർ അനീതിയും, അക്രമങ്ങളും ചെയ്യുകയാണെങ്കിൽ അതിനു മീതെ ഒരു അധികാരിയുണ്ടെന്നു കാണിയ്ക്കാൻവേണ്ടി മാത്രമാണു് അങ്ങിനെ പറഞ്ഞതു്. എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ അച്യുതനറിയാം, ഞാൻ ഇന്നുവരെയും അതിൽ കൈകടത്തീട്ടില്ലായെന്നു്; കൈകടത്താൻ ഉദ്ദേശിച്ചിട്ടുമില്ല. പക്ഷെ, അവർ വഴിപിഴച്ചു പ്രവർത്തിക്കുന്ന അവസരത്തിൽ കൈകടത്താനൊട്ടു മടിക്കുകയുമില്ല. അങ്ങിനെ ഞാൻ ചെയ്തില്ലെങ്കിൽ എന്റെ ചുമതല നടത്താൻ ഞാൻ പ്രാപ്തിയുള്ളവനല്ലെന്നു വരുന്നതാണു്. അതേ അവസരത്തിൽ യാതൊരഭിപ്രായവ്യത്യാസവും ട്രാൻസ്പോർട്ടതോറിറ്റിയും ഞാനും തമ്മിലില്ല. എന്നാൽ ഇവിടത്തെ വിഷയം ഒരു ലയിനിൽ ആവശ്യപ്പെടുന്നവർക്കു് മുഴുവൻ ബസ്സു കൊടുക്കണോ ഏതെല്ലാം സമയമാണു് കൊടുക്കേണ്ടതു് ഇങ്ങിനെയുള്ള കാര്യങ്ങളെപ്പറ്റി തീരുമാനിക്കുകയാണു്. ട്രാൻസ്പോർട്ടതോറിറ്റിയും, ഗവൺമെണ്ടും പരിഹാരം കാണാൻ കഷ്ടപ്പെടുന്ന ഒരു വിഷയമാണിതു്. ഷൊർണ്ണൂർ, തൃശ്ശിവപേരൂർ ലയിനിലും വടക്കാഞ്ചേരി തൃശ്ശിവപേരൂർ ലയിനിലും, മറ്റും എത്ര ബസ്സുറക്കണം. അതുപോലെയുള്ള ഓരോ ലയിനിലും എത്രയെത്ര ബസ്സുറക്കണം എന്നുള്ളതെല്ലാം ട്രാൻസ്പോർട്ടതോറിറ്റി ആലോചിയ്ക്കണം. അപ്പോൾ ഒരാൾ പറയുന്നു തൃശ്ശിവപേരൂർ കുന്നംകുളം ലയിനിൽ 4 ൽ ബസ്സു വേണമെന്നു്. വെറൊരാൾ പറയുന്നു ബസ്സ്റ്റാന്റിൽ തിരക്കുണ്ടായിട്ടെന്നു്.

മിസ്റ്റർ എം. കെ. രാജാ: യാത്രക്കാക്കു സൌകര്യമായി യാത്രചെയ്യണമെന്നേയുള്ളു.

റാവുബഹദൂർ ടി. കെ. നായർ: യാത്രക്കാക്കു് സൌകര്യംചെയ്യുമാത്രമല്ല ഗവൺമെണ്ടിന്റെ ജോലി. എന്റെ മാന്യസ്നേഹിതൻ അങ്ങിനെ ധരിച്ചിട്ടുണ്ടെങ്കിൽ അതു തെറ്റാണു്. ഓരോ ലയിനിലും എത്രത്തോളം ആളുകൾ സഞ്ചരിക്കുന്നുണ്ടു് എന്നൊന്നും നോക്കാതെ കാപ്പിക്കച്ചവടം നടത്തുന്നതുപോലെ വരുന്നവർക്കെല്ലാം ലൈസൻസ്സു് കൊടുക്കണമെന്നാണു് മിസ്റ്റർ ഐപ്പു പറയുന്നതു്. അദ്ദേഹത്തോടു ഞാൻ ചോദിയ്ക്കുന്നതു് ഗവൺമെണ്ടിന്റെ യാതൊരു നിയന്ത്രണവുമില്ലാത്ത നിലയിൽ യാതൊരു പരിചയവുമില്ലാത്തവർക്കു് ബസ്സ്സർവ്വീസുകൊടുത്തു ജനങ്ങളുടെ ജീവനെ അപകടത്തിലാക്കണമോ എന്നുള്ളതാണു്. ബസ്സുകൾ വളരെ സ്പീഡിൽ ഓടിച്ചു് പരസ്പരം കൂട്ടിമുട്ടി വളരെ ആളുകൾക്കു് അപകടം വന്നിട്ടുള്ളതു് എന്റെ അനുഭവത്തിൽ കൊച്ചിരാജ്യത്തുതന്നെയുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചു് ട്രാഫിക്കതോറിറ്റി എന്തു തീരുമാനം ചെയ്താലും, എന്റെ സ്വന്തം അഭിപ്രായം പറയുകയാണെങ്കിൽ ബസ്സ്സർവ്വീസിൽ എനിക്കു നേരിട്ടുള്ള പരിചയം വച്ചുകൊണ്ടു പറയുകയാണെങ്കിൽ അൺഹെൽത്തി കോമ്പിറ്റേഷൻ ഒരു ലയിനിലും അനുവദിക്കാൻ പാടില്ല എന്നാണു്. ട്രാഫിക്കതോറിറ്റിയുടെ തീരുമാനത്തിനു് എന്റെ അഭിപ്രായം ബാധകമല്ലെന്നു് ഞാൻ ഒരിക്കൽക്കൂടി പറയുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എന്തുകൊണ്ടു ബാധകമല്ല?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അവർ ചെയ്യുന്നതിന്റെ ഫലം അവർതന്നെ അനുഭവിച്ചറിയട്ടെ. അല്ലാതെ ഓരോ ലയിനിലും എത്ര ബസ്സ് ഓടിക്കണമെന്നൊന്നും മന്ത്രിയെ പറയേണ്ട ആവശ്യമില്ല. വലിയ ബസ്സുടമസ്ഥന്മാരെ രക്ഷിക്കാൻവേണ്ടിയുള്ളതാണ് ഗവൺമെണ്ടിന്റെ ഇന്നത്തെ നയമെന്ന പലക്കും ഒരു തെറ്റിദ്ധാരണയുണ്ട്. അങ്ങിനെയുള്ള വരോട് ഞാനൊന്ന ചോദിച്ചുകൊള്ളട്ടെ, വളരെക്കാലമായി ജനങ്ങളുടെ സൌകര്യത്തിനു വേണ്ടി അവരുടെ അത്യാവശ്യത്തിനുവേണ്ടി കുറെ ബസ്സുകൾ ഇറക്കി സർവ്വീസു നടത്തി വല്ലതും കുറച്ചു പണം സമ്പാദിച്ചുകൊണ്ട് അവർ ഈ വ്യാപാരം നടത്തിക്കൊണ്ടു പോകുന്നുണ്ടെങ്കിൽ ഇത്രയും കാലം ജനങ്ങൾക്കെല്ലാം സൌകര്യം ചെയ്തുകൊടുത്തിട്ടുള്ള അവരെ വാസ്തവത്തിൽ ദ്രോഹിയ്ക്കാൻ ഗവൺമെണ്ടു മുതിരണമെന്നാണോ, ഈ നിയമസഭയുടെ അഭിപ്രായം?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പക്ഷെ അവരെ താലോലിക്കരുത്.

റാവുബഹദൂർ ടി. കെ. നായർ: അവരെ താലോലിക്കാതിരിക്കാനുള്ള ഒരു നിലപാടാൻസ്പോട്ട്തോട്ടി എടുത്തിട്ടുണ്ടെന്നു മിസ്റ്റർ അച്യുതൻ ഇവിടെ പറയുകയുണ്ടായി.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്ത: ബസ്സുടമസ്ഥന്മാർ കുറെ പണം സമ്പാദിച്ചിട്ടുണ്ടെങ്കിൽ ഇന്നത്തെ ഗവൺമെണ്ടിന്റെ നയം, അതായത് സോഷ്യലിസ്റ്റ് സമ്പ്രദായം നടപ്പാക്കുന്നപക്ഷം പണക്കാരായ നമ്മുടെ രാജ്യത്തെ ബസ്സുടമസ്ഥന്മാരെ പണക്കാരല്ലാത്തവരായി തീർത്തുകൂടേ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ണുന്നതിനും, ഉറങ്ങുന്നതിനുമെല്ലാം സോഷ്യലിസ്റ്റ് സമ്പ്രദായം വേണമെന്ന പറയുന്നതു കഷ്ടമാണ്. ബസ്സ്സർവ്വീസിന്റെ ബുദ്ധിമുട്ടുകളെപ്പറ്റി ഇവിടെ പറയുമ്പോൾ യാത്രക്കാർക്ക് അപകടം വരുന്ന കാര്യത്തിനു ഒരു നിവാരണമുണ്ടാക്കാൻ ആലോചിക്കുമ്പോൾ സോഷ്യലിസം വേണം, നാഷനലൈസേഷൻ വേണം എന്നൊക്കെ പറഞ്ഞു വാദിക്കുന്നതു കഷ്ടമാണ്. ഇതൊന്നും അതിലേക്കു ബാധകമാകുന്നതല്ല.

ഒറ്റയ്ക്കാറയ്ക്ക് സർവ്വീസ് ആവശ്യപ്പെടുന്ന ബസ്സുകാർക്ക് അനുവാദം കൊടുക്കണമോ വേണ്ടയൊ, എന്നുള്ളതെല്ലാം ടാൻസ്പോട്ട്തോട്ടി തീർച്ചയാക്കും. അവർ ചെയ്യുന്ന തീരുമാനത്തിൽ കൈ കടത്താൻ ഉദ്ദേശിക്കുന്നില്ല. ഇപ്പോൾ അവർ അനുഷ്ഠിച്ചുവരുന്ന നയം വേണ്ടത്ര പുരോഗമിക്കുന്നില്ലെന്ന നിയമസഭയ്ക്കു തോന്നുകയാണെങ്കിൽ, വേറൊരു ഡയറക്ഷൻ തരുകയാണെങ്കിൽ അടുത്ത നിമിഷത്തിൽ അതു നടപ്പാക്കാൻ ഞങ്ങൾ തയ്യാറാണ്. ഈ നിയമസഭയിലെ വാദപ്രതിവാദത്തിന്റെ ഫലമായി ഓരോ ലയിനിലും പ്രത്യേകം പ്രത്യേകം നോക്കി വേണ്ടുന്ന സൌകര്യങ്ങൾ ചെയ്തു കൊടുക്കാമെന്നു ഈ സഭക്കു ഞാൻ ഉറപ്പു തരുന്നു.

മിസ്റ്റർ എം. ഐ. പോൾ: തൃശ്ശിവപേരൂർ ബസ്സിന്റെ ടൈംഷീറ്റ് മന്ത്രിക്കു നിശ്ചയമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ടൈംഷീറ്റ് ഓരോ ലയിനിലും ഓരോതരത്തിലാണ്. ൧൫ മിനിറ്റ് ഇടവിട്ടു ബസ്സോടുന്ന ലയിൻ ഉണ്ടാകും. അരമണിക്കൂർ ഇടവിട്ടു ബസ്സോടുന്ന ലയിൻ ഉണ്ടാകും, ഒരു മണിക്കൂർ ഇടവിട്ടോടുന്ന ലയിൻ ഉണ്ടാകും. തൃശ്ശിവപേരൂർ കുന്നംകുളം ലയിനിൽ ൧൫ മിനിട്ടിടവിട്ടാണ് ബസ്സോടുന്നതു.

മിസ്റ്റർ എം. ഐ. പോൾ: വലിയ വലിയ സിറ്റികളിൽ അഞ്ചു മിനിട്ടും, മൂന്നുമിനിട്ടും ഇടവിട്ടു ബസ്സോടിക്കുന്നുണ്ടല്ലൊ?

റാവുബഹദൂർ ടി. കെ. നായർ: അതു സിറ്റിയ്ക്കുള്ളിലെ കാര്യമാണ്. ഞാൻ പറഞ്ഞ ബസ്സുകൾ സിറ്റിയ്ക്കുള്ളിൽ വരുന്നു എന്നു മാത്രമേയുള്ളു. സിറ്റിക്കു പുറത്താണ് ഓടുന്നതു. സിറ്റിയ്ക്കുള്ളിൽ ൪ മിനിട്ട് ഇടവിട്ടോടിക്കുന്നതിനു വിരോധമില്ല.

മിസ്റ്റർ എം. ഐ. പോൾ: സിറ്റിയിൽ ൫ മിനിറ്റ് ഇടവിട്ട് ബസ്സുകൾ ഓടിക്കുന്നതിനു വിരോധമില്ലായെന്ന മന്ത്രി അവർകൾ പറഞ്ഞുവല്ലൊ, സിറ്റിയിൽ അനവധി ആളുകൾ സഞ്ചരിക്കുന്നതുകൊണ്ട് ബസ്സുകൾ കൂടിയാൽ അപകടം വരാൻ ഇടയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: വളരെ അധികം ബസ്സുകളുള്ള കമ്പനിക്കാക്കേ സിറ്റിയിൽ ഓടിക്കാൻ അനുവാദം കൊടുക്കുകയുള്ളു. അവക്ക് അതിൽ ധാരാളം പരിചയമുള്ളതുകൊണ്ട് അവർ സൂക്ഷിച്ചോടിക്കും. നേരേമറിച്ച് മറ്റ ബസ്സുകാക്കു അനുവാദം കൊടുത്താൽ, ഞാൻ മുമ്പെ എന്ന നിലയിൽ വേഗതകൂട്ടി സ്റ്റാൻറിലെത്താൻ തിരക്കു കൂട്ടും. അപ്പോൾ അപകടം ഉണ്ടാകാൻ വഴിയുണ്ട്. അതുകൊണ്ടു വലിയ ബസ്സുടമസ്ഥന്മാക്കേ സിറ്റിയിൽ സർവ്വീസു നടത്താൻ അധികാരം കൊടുക്കാവൂ. ഷൊർണ്ണൂരിൽനിന്നു വടക്കാഞ്ചേരിവഴി തൃശ്ശിവപേരൂർ വരുന്ന ഒരു ബസ്സാണെന്നു വിചാരിക്കുക, ഷൊർണ്ണൂർനിന്നു പുറപ്പെട്ട വടക്കാഞ്ചേരിയിലെത്തി, കൃത്യസമയത്തു് ഒപ്പിട്ടുണ്ടോ എന്നുമാത്രമേ പോലീസ്സുകാക്കു നോക്കാൻ നിവൃത്തിയുള്ള. അതിനിടക്കു് അവർ എങ്ങിനെയാണു് ഓടിക്കുന്നതെന്നു നോക്കാനൊന്നും സാദ്ധ്യമാകയില്ല.

മിസ്റ്റർ എം. കെ. രാജു: ഇതിനൊക്കെയല്ലേ ട്രാഫിക്ക റൂൾ വച്ചിരിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: റൂൾ ഉണ്ടു്. പക്ഷെ, അതു് ഇൻസിസ്റ്റ് ചെയ്യണമെങ്കിൽ ഫർല്ലോങ്ങ്തോറും ഓരോ പോലീസ്സുകാരെ നിർത്തണം. പ്രായോഗികമായ എന്തു സൌകര്യങ്ങളും യാത്രക്കാക്കു ചെയ്തുകൊടുക്കാൻ ഞങ്ങൾ തയ്യാറാണു്.

ബസ്സിലെ ജോലിക്കാരുടെ മദ്യാദകേടായ പെരുമാറ്റത്തെപ്പറ്റി ഇവിടെ ചില മെമ്പർമാർ പറയുകയുണ്ടായി. അതിനു എടുത്തുവരുന്ന നടപടിയെപ്പറ്റി മിസ്റ്റർ അച്യുതൻ ഇവിടെ പറയുകയുണ്ടായി. ഒരു തരത്തിലും വകവെച്ചു കൊടുക്കാൻ പാടില്ലാത്ത ഒരു കാര്യമാണതു്. മദ്യാദരഹിതമായ ഇത്തരം പെരുമാറ്റത്തെ സംബന്ധിച്ചു ട്രാഫിക്ക് അതോറട്ടിയും, ഗവൺമെണ്ടും, കർശ്ശനമായ നടപടിയെടുക്കുന്നതാണു്. കംപ്ലയിൻറിനെക്കുറിച്ചുള്ള കാര്യം പോലിസ്സ് സ്റ്റേഷനിൽ ചെന്നാൽ തീർച്ചയായും ഉടൻ അതിനു വേണ്ട നടപടികൾ എടുക്കുന്നതാണു്. മുമ്പൊരവസരത്തിൽ തൃശ്ശിവപേരൂർ ബസ്സ് സ്റ്റാൻറിലെ തിരക്കിനെ സംബന്ധിച്ചു ഇവിടെ പറയുകയുണ്ടായി. എന്നാൽ ബസ്സിൽ തന്നെ ടിക്കറ്റ കൊടുക്കാനുള്ള സൌകര്യം ചെയ്തുകൂടേയെന്നു പോലീസ്സ് കമ്മീഷണരോടു ഞാൻ എഴുതിചോദിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻറെ റിപ്പോർട്ട് കിട്ടിയ ശേഷം അതിനെ സംബന്ധിച്ചു വേണ്ടതു ചെയ്യാൻ വിരോധമില്ല.

ഇന്നലെ മിസിസ്സ് ഫ്രാൻസിസ് ഒരു സംഗതി ഇവിടെ പറയുകയുണ്ടായി. വലിയ തെറ്റിദ്ധാരണയോടുകൂടിയാണു് അവർ അതു പറഞ്ഞതു്. ബോട്ടിൽ സ്ത്രീയായിട്ടു വിദ്യാർത്ഥികൾക്കു് സഞ്ചരിക്കാൻ സാധിക്കുന്നുണ്ടു്; അതുപോലെ ബസ്സിലും സൌകര്യപ്പെടുത്തി കൊടുക്കണമെന്നു് അവർ പറഞ്ഞു. അതു സാദ്ധ്യമല്ല. കടത്തു ലേലം വിളിച്ചു കൊടുക്കുമ്പോൾ നിശ്ചയം ചെയ്തിട്ടുള്ള ഒരു സംഗതിയാണതു്. അതിനു ഗവൺമെണ്ടിൻറെ നിയന്ത്രണമുണ്ടു്. എന്നാൽ അതുപോലെയല്ല ബസ്സു സർവ്വീസ്സു്. ഓരോരുത്തരും പണം ഇറക്കി വ്യാപാരം നടത്തുന്നതുപോലെയുള്ള ഒരു സംഗതിയാണു് ബസ്സു സർവ്വീസ്. അതിൽ വിദ്യാർത്ഥികളെ മുഴുവൻ സ്ത്രീയായി കൊണ്ടുപോകണമെന്നു പറഞ്ഞാൽ അതിൻറെ വക കൊടുക്കുവാൻ ഗവൺമെണ്ടു തയ്യാറാകണം.

മിസിസ്സ് ടി. ഫ്രാൻസിസ്: ബോട്ട ലേലം വിളിച്ചു കൊടുത്തതാണെങ്കിലും അതു പ്രൈവറ്റ കമ്പനിക്കാർ നടത്തുന്നതല്ലേ? അപ്പോൾ അവക്കു നഷ്ടം വരുകയില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഇങ്ങിനെ നഷ്ടം വരാവുന്ന സംഖ്യയുംകൂടി കണക്കാക്കിയാണു് അവർ ലേലം വിളിക്കുന്നതു്. പിന്നെ സ്ത്രീകൾക്കു് സീറ്റ് റിസർവ്വ് ചെയ്യണം എന്നു് ഇവിടെ പറഞ്ഞു. ഇപ്പോൾ തന്നെ സ്ത്രീകൾക്കു് വളരെ സൌകര്യങ്ങൾ ചെയ്തുകൊടുക്കാൻ ബസ്സുകാർ പരിശ്രമിക്കുന്നുണ്ടെന്നു് എനിയ്ക്കറിയാം. രണ്ടാമത്തെ സീറ്റ റിസർവ്വ് ചെയ്തു കിട്ടണമെന്നു പറയുന്നു. രണ്ടാമത്തെ സീറ്റിൽ ഒരാളുകൂടി നിറഞ്ഞതിനുശേഷമാണു് രണ്ടുമൂന്നു സ്ത്രീകൾ വന്നതെന്നു വിചാരിക്കുക. അപ്പോൾ രണ്ടാമത്തെ സീറ്റിലിരിക്കുന്ന ആളുകളോടു് ഇറങ്ങി മാറിയിരിക്കണം എന്നു കണ്ടക്ടർ പറഞ്ഞാൽ ഒരു സമയം എന്നെപ്പോലെയുള്ള ആളുകളാണെങ്കിൽ മാറിയിരുന്നേക്കാം; മിക്ക ആളുകളും അവിടെ തന്നെ ഇരിക്കുകയേ ഉള്ളു. ഇങ്ങിനെയുള്ള അവസരങ്ങളിൽ അവിടെ ഇരിക്കുന്ന യാത്രക്കാക്കു യാതൊരുസൌകര്യവും വരുത്താതെ സ്ത്രീകൾക്കു വേണ്ട സൌകര്യങ്ങൾ ചെയ്തു കൊടുക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഇതു് ട്രാൻസ്പോർട്ട് അതോറട്ടി നേരിട്ടതന്നെ ബസ്സുകാരെ ഉപദേശിച്ചിട്ടുണ്ടു്. ഇതിലധികം സൌകര്യം ചെയ്തു കൊടുക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar]

ഇനി ഒരു കാര്യം കൂടി എനിയ്ക്കു പറയുവാനുണ്ട്. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ എഴത്തശ്ശൻ നാഷണലൈസേഷന്റെ ആലോചന തുടങ്ങി ഫറ മാസം കഴിഞ്ഞിട്ടും പ്രസവിച്ചു കാണാത്തതിൽ വളരെപരിഭ്രമിച്ചു. അതു ഒരു രഹസ്യമാണ്. എന്താണെന്നുവെച്ചാൽ വാസ്ഥവത്തിൽപത്തു മാസമായിട്ടില്ല. അദ്ദേഹം ധരിച്ചതു ചിങ്ങമാസത്തിൽ ഞങ്ങൾ ചാർജ്ജെടുത്തതോടുകൂടിതന്നെ ട്രാൻസ്ഫോർട്ട് വിട്ടുകിട്ടുമെന്നാണ്, അതിൽ ഒരു പിഴവുണ്ട് എന്നു പറയാതെ നിവർത്തിയില്ല. വാസ്തവത്തിൽ ഗർഭം ധരിച്ചു മാസം അദ്ദേഹത്തിന്നു തറെറിപ്പോയി. ഒരു തരത്തിലും എന്റെ സ്നേഹിതനു പരിഭ്രമം വേണ്ട. ഡാക്ടറെ കൊണ്ടുവരേണ്ടിവരുകയില്ല, കീറേണ്ടി വരുകയില്ല; മാസം തികഞ്ഞാൽ, സുഖമായി പ്രസവിക്കും. അതിനു മുമ്പ് ധൃതിക്കുട്ടിയാൽ അപകടമുണ്ടാകും. ധൃതിക്കുട്ടിയുള്ള പ്രസവിപ്പിക്കൽ നമുക്കു വേണ്ട.

മിസിസ്സ് കെ. എം. ആർ. മേനോൻ : ഇത്തരം വർത്തമാനങ്ങൾ ഈ സഭയിൽവച്ചു പറയരുതു്.

റാവുബഹദൂർ ടി. കെ. നായർ : ഞാൻ ഇതു പറയണമെന്നു വച്ചിരുന്നതല്ല. അദ്ദേഹം രണ്ടുമൂന്നു ദിവസമായി ഈ വർത്തമാനം തുടങ്ങിയിട്ടു്. എന്റെ വയറു കീറേണ്ടിവരുമോ, എന്നാണു് അദ്ദേഹത്തിന്റെ സംശയം. അങ്ങിനെ സംശയിക്കേണ്ട ആവശ്യമില്ല. തക്ക സമയത്തു സുഖമായ പ്രസവമുണ്ടാകും എന്നു് മാത്രമെ എനിക്കു പറയുവാനുള്ളൂ. എന്റെ മാന്യ സ്നേഹിതന്മാർ പറഞ്ഞ കാര്യങ്ങളെപ്പററി അന്വേഷണം നടത്തിക്കൊള്ളാമെന്നു പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ എം. കെ. രാജ : സർ, ബഹുമാനപ്പെട്ട പൊതുജനാരോഗ്യമന്ത്രി ഈ ഖണ്ഡനോപക്ഷേപത്തെ സംബന്ധിച്ചു് അനുഭാവപൂർവ്വമായ ഒരു മറുപടി നൽകിയതിൽ എനിക്കദ്ദേഹത്തോടു വളരെ നന്ദിയുണ്ടു്. ഈ ഉപക്ഷേപത്തിൽ കൊള്ളിച്ചിരിക്കുന്ന നിർദ്ദേശങ്ങളെ സംബന്ധിച്ചു് ട്രാഫിക്കു് അതോറട്ടി വേണ്ടതു ശ്രദ്ധ ചെലുത്തിവരുന്നുണ്ടു് എന്നു അതിലെ ഒരംഗമായ ശ്രീമാൻ അച്യുതൻ ഇന്നലെ ചെയ്ത സുദീർഘവും വ്യക്തവും, തെല്ലു ക്ഷമാപൂർവ്വവുംകൂടിയായ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു തെളിയുന്നുണ്ടു്. അങ്ങിനെ ഒരുറപ്പു തന്നതിന്നു അദ്ദേഹത്തോടും എനിക്കു നന്ദിയുണ്ടു്. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ മിസ്റ്റർ എഴത്തശ്ശന്റെ ആരോപണത്തെ സംബന്ധിച്ചു തക്കതായ മറുപടി എനിക്കു മുമ്പു് പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാരായ മിസ്റ്റർ അച്യുതമേനവനും, പൊതുജനാരോഗ്യമന്ത്രിയും കണക്കിനു കൊടുത്തിട്ടുണ്ടു്. അദ്ദേഹം എടുത്തു പറഞ്ഞ നിയമസഭാനടപടികളും ഞാൻ പരിശോധിച്ചു നോക്കി മിസ്റ്റർ മാണി അന്നു അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ചു—ഈ നിയമസഭയിൽ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ കയറി സംസാരിക്കാത്ത ഒരോററ പ്രമേയം അതു മാത്രമായിരുന്നു എന്നു് തോന്നുന്നു—അദ്ദേഹം മൌനം അവലംബിച്ചതിന്റെ സൂത്രം ബഹുമാനപ്പെട്ട് പൊതുജനാരോഗ്യ മന്ത്രി പറഞ്ഞുപ്പോഴാണ് എനിയ്ക്കു മനസ്സിലായതു്. അദ്ദേഹം ഇവിടെ ഒരു ഗർഭത്തെപ്പററിയുള്ള ആക്ഷേപം കൊണ്ടുവന്നു; ഇത്തരത്തിലുള്ള പല പല ആശയങ്ങളുടേയും പദ്ധതികളുടേയും ഗർഭംകൊണ്ടു ശ്രീമാൻ എഴത്തശ്ശൻ ഉത്തരവാദം വഹിച്ചിട്ടുണ്ടു്. ശ്രീ. മാണിയുടെ പ്രമേയത്തിലടങ്ങിയ ആശയഗർഭത്തിന്റെ ഉത്തരവാദിത്വം ഒരുപക്ഷെ ശ്രീ. എഴത്തശ്ശനു വഹിക്കാൻ ആഗ്രഹമുണ്ടായില്ലായിരിക്കും. അതിൽനിന്നും ഒഴിഞ്ഞു ചാടുവാനുള്ള ഒരു സൂത്രമായിരുന്നു അന്നു് അദ്ദേഹം അതിനെപ്പററി സംസാരിക്കാതിരുന്നതു്. ഏതായാലും അദ്ദേഹത്തോടു ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ ബസ്സു ട്രാഫിക്കിനെ സംബന്ധിച്ചു എന്തുതന്നെ ആക്ഷേപങ്ങളും പോരായ്മകളും ഉണ്ടെങ്കിലും, അവക്കുള്ള പരിഹാരം കാണാൻ താല്ക്കാലികമായ ഇത്തരത്തിലുള്ള ഭരണപരമായ നടപടികൾകൊണ്ടു സാദ്ധ്യമല്ല. അതിന്റെ ഘടനയിൽ സമൂലമായ ഒരു പരിവർത്തനംകൊണ്ടു മാത്രമേ, അതിനെ ദേശീയമാക്കുന്നതുകൊണ്ടു മാത്രമേ, ഈ ക്രമക്കേടുകൾക്കു തക്കതായപരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ എന്നു അനുഭവപോലെ ഇന്നും വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. പക്ഷെ ആ കാമ്യമായ ആദർശം കൈവരുത്തുന്ന സുദിനം വരുന്നതുവരെ ബഹുമാനപ്പെട്ട മിസ്റ്റർ പത്തൂർ അച്യുതമേനോൻ പറഞ്ഞതുപോലെ, നമ്മുടെ നാട്ടിലെ ബസ്സു് ഗതാഗതം ഇന്നത്തെപ്പോലെ ആശാസ്യമല്ലാത്ത നിലയിൽ നടക്കണമെന്നാണോ അദ്ദേഹത്തിന്റെ അഭിപ്രായം? ഞങ്ങളുടെ അഭിപ്രായം അതല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ മാണിയുടെ അന്നത്തെ പ്രമേയം ചർച്ച ചെയ്ത രണ്ടു ദിവസം കഴിഞ്ഞ ശേഷം കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഞാനും മറ്റൊരുപക്ഷേപം ഹാജരാക്കുകയുണ്ടായി. കൊച്ചിയിലെ ഗ്രാമങ്ങളിൽ കുടിയ്ക്കുവാനും കുളിയ്ക്കുവാനുമുള്ള ശുദ്ധജലം സുലഭമായി കിട്ടത്തക്കവണ്ണം പരിപൂർണ്ണമായ ഒരു പദ്ധതി ഗവൺമെണ്ടു് ആസൂത്രണം ചെയ്യണമെന്നുള്ളതായിരുന്നു എന്റെ പ്രമേയം. അതിനെ പിൻതാങ്ങിക്കൊണ്ടു് മിസ്റ്റർ എഴത്തച്ഛൻ അന്നു സംസാരിച്ചു. അന്നു് അദ്ദേഹം കൈക്കൊണ്ട നിലപാടു നോക്കുമ്പോൾ അദ്ദേഹം ഇന്നു ചെയ്ത പ്രസംഗം ആത്മാർത്ഥതയില്ലാത്തതാണെന്നേ എനിക്കു തോന്നുന്നുള്ളൂ. ഞാൻ നിർദ്ദേശിച്ച പദ്ധതിയെ അന്നദ്ദേഹം അനുകൂലിച്ചു. പക്ഷേ, അതോടുകൂടി അദ്ദേഹം പറഞ്ഞതു് ഈ പദ്ധതി നിലവിൽ വരുത്തുന്നതുവരെ ഇത്തരം ഒരു പദ്ധതി ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നതുവരെ ഗവൺമെണ്ടു് അടങ്ങിയിരിക്കാൻ പാടില്ല. ഗ്രാമങ്ങളിൽ ശുദ്ധജലം കിട്ടുവാനുള്ള വൈഷമ്യത്തെ തരണം ചെയ്യുന്നതിനു താല്ക്കാലിക നടപടികൾ എടുക്കുകതന്നെ വേണമെന്നു്. അതുപോലെയുള്ള ഒരു പ്രശ്നമല്ലെ ഇതു് എന്നതേ ഹത്തോടു് ഞാൻ ചോദിക്കട്ടെ.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I never said that, I agree perfectly with you.

മിസ്റ്റർ എം. കെ. രാജ: ഓരോ വിഷയത്തിലും ഇങ്ങിനെ പരസ്പരവിരുദ്ധമായ നിലപാടു് അദ്ദേഹം എടുത്തിട്ടുള്ളതിനുള്ള ഉദാഹരണങ്ങൾ ഒന്നു രണ്ടു തവണ ഇവ നിയമസഭയിൽ എനിക്കു ചൂണ്ടിക്കാണിക്കേണ്ടി വന്നിട്ടുണ്ടു്. ഏതു ചുള്ളിക്കൊമ്പു കയ്യിൽ കിട്ടിയാലും, അതു് കയ്യിലെടുത്തു പ്രജാമണ്ഡലത്തേയും മന്ത്രിസഭയേയും ആഞ്ഞടിയ്ക്കുവാനുള്ള വാസനസ്ഥാനത്തും അസ്ഥാനത്തും അദ്ദേഹം പ്രകടിപ്പിക്കാറുള്ളതു് ഗൌരവമേറിയ ഈവക വിഷയങ്ങളെപ്പറ്റി വാദപ്രതിവാദം നടത്തുമ്പോഴെങ്കിലും അദ്ദേഹം ഉപേക്ഷിക്കണമെന്നാണു് ഞാൻ മിസ്റ്റർ എഴത്തച്ഛനോടഭ്യർത്ഥിക്കുന്നതു്.

ബഹുമാനപ്പെട്ട മന്ത്രി, വിമർശനങ്ങൾക്കു മറുപടി പറഞ്ഞ കൂട്ടത്തിൽ ഒന്നു രണ്ടു സംഗതികൾ ഇവിടെ പറയുകയുണ്ടായി. ആരോഗ്യപരമായ മത്സരത്തെപ്പറ്റിയും അനാരോഗ്യപരമായ മത്സരത്തെപ്പറ്റിയും മറ്റും സിദ്ധാന്തപരമായ പല വിമർശനങ്ങളും വാദപ്രതിവാദങ്ങളും ഇവിടെനിന്നു കഴിഞ്ഞു. ഞാൻ അതെല്ലാം വീണ്ടും എടുത്തുപറഞ്ഞു സമയം കളയണമെന്നു വിചാരിക്കുന്നില്ല. ഇന്നത്തെ പ്രശ്നം, ആളുകൾക്കു് സൌകര്യമായി ബസ്സുകളിൽ യാത്ര ചെയ്യുവാൻ സാധിയ്ക്കുണം എന്നുള്ളതാണു്. ബഹുമാനപ്പെട്ട മന്ത്രി അവർകൾ ട്രാഫിക്കിന്റെ ബുദ്ധിമുട്ടുകളേയും, ബസ്സുകൾ കൂടക്കൂടെ ധാരാളമായി ഓടുന്നതുകൊണ്ടുള്ള ഭീതികളേയും മറ്റും പറഞ്ഞു് വ്യാകുലപ്പെടുന്നതായി ഞാൻ കേട്ടു. ഇതു് ഏതു തരത്തിലുള്ളതാണെങ്കിലും, ജനങ്ങളെ സംബന്ധിച്ചുള്ള ഒരു പ്രശ്നമാണു്. യാത്രക്കാർക്കു് സുഖസൌകര്യങ്ങളോടുകൂടി യാത്ര ചെയ്യാൻ തക്കവണ്ണമുള്ള ഒരു പദ്ധതിയുണ്ടാക്കി നടപ്പിലാക്കണമേന്നേയുള്ളൂ. ആൾക്കു ബസ്സിന്നു പമ്മിറ്റു കൊടുത്താലും തരക്കേടില്ല. ബസ്സുകൾ തക്ക സമയത്തു്, ആവശ്യമുള്ള സമയത്തു്, ഓടിക്കത്തക്കവണ്ണമുള്ള ഏർപ്പാടു വേണം ആരോഗ്യപരമായ മത്സരം വേണമെന്നുള്ളതു ശരിയാണു്. ഇതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കിയതു് ഡിമാൻഡും സപ്ലൈയും തമ്മിൽ ബന്ധമുണ്ടായിരിക്കണം എന്നുള്ളതാണു്. ഇന്നു് ഫ ൦ ൦ ൦ യാത്രക്കാർ ഉള്ള ഒരു ലയിനിൽ ൫ ൦ ൦ യാത്രക്കാരെ കൊണ്ടുപോകുവാനുള്ള ബസ്സുകളെ അനുവദിക്കുകയുള്ളൂ എന്നാണു് നിയമം. ഇതാണത്രേ ഹെൽത്തി കോമ്പിറേഷൻ. ശ്രീമാൻ അച്യുതൻ ഇന്നലെ പറയുകയുണ്ടായി, അദ്ദേഹത്തിന്റെ കയ്യിൽ യാത്രക്കാരെപ്പറ്റിയുള്ള സ്ഥിതിവിവരണക്കണക്കുകൾ ഉണ്ടെന്നു്. അതു നല്ലതുതന്നെ. അതു കൂടുതൽ ഉപയോഗപ്രദമായനിലയിൽ ഭാവിയിൽ ഉപയോഗിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I never opposed your motion.

Mr. M. K. Raja (*Mulakunnathukavu*): You are not opposing this motion also; that is what I say.

Mr. President: Is the Hon'ble Member not concluding now?

Mr. M. K. Raja (*Mulakunathukavu*): I will take five minutes more, Sir.

(The House rose for lunch at 1-30 p. m. and re-assembled at 2-30 p. m. with the Hon'ble Deputy President in the Chair)

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാജ: സർ, പൊതുജനങ്ങളുടെ ഇത്തരം സൌകര്യങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഗവൺമെണ്ട് എന്തെങ്കിലും തെറ്റു പ്രവർത്തിക്കുകയാണെങ്കിൽപോലും അതു സമ്മതിച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷെ, അവർ ചെയ്യുന്ന തെറ്റ് കുത്തകക്കാരായ ഏതാനും ബസ്സുടമസ്ഥന്മാക്കനുകൂലമായല്ല, കഷ്ടപ്പെടുന്ന പൊതുജനങ്ങൾക്കനുകൂലമായിട്ടാവണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

എനിക്കു മറ്റൊരു നിർദ്ദേശം നല്കുവാനുള്ളതു് നമ്മുടെ പാസഞ്ചർ ബസ്സുകളുടെ വലിപ്പം കുറച്ചു കുറക്കുന്നതു നന്നായിരിക്കുമെന്നുള്ളതാണ്. വലിയ വലിയ ബസ്സുകൾ ഓരോലയിനിലും ഓടിക്കുമ്പോഴാണ് ഉടമസ്ഥന്മാക്കു ചിലവു കൂടുതൽ ഉണ്ടാകുന്നതു്. അവക്കു മുഴുവൻ ലോഡുകിട്ടാതെ വരുമ്പോൾ ട്രിപ്പുകൾ മുഴുവൻ എടുക്കുവാൻ വൈമനസ്യമുണ്ടാകും. പ്രത്യേകിച്ചു കൂടുതൽ ട്രിപ്പുകൾ ആവശ്യമാകുന്ന സമയങ്ങളിൽ ചെറിയ ചിലവിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്നതായിരിക്കും യാത്രക്കാക്കു അധികം സൌകര്യമാവുക. ഈ കാര്യം ട്രാഫിക്കു് ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ബസ്സു ട്രാഫിക്കിനെപ്പറ്റി ഞങ്ങൾ കൊണ്ടുവന്ന ആക്ഷേപങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തികച്ചും തൃപ്തികരമാണെന്നു പറയാൻ എനിക്കു സന്തോഷമുണ്ടു്. വളരെ ഉത്തരവാദിത്വമുള്ള ഇത്തരം ചുമതലകൾ നിർവ്വഹിക്കുന്ന പോലീസ്സു ഉദ്യോഗസ്ഥന്മാരേയും ബസ്സു ജോലിക്കാരേയും പറ്റി അനാവശ്യമായ ആക്ഷേപങ്ങൾ കൊണ്ടുവന്നു അവരെ അലോസരപ്പെടുത്തണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ, ന്യായമായ രീതിയിൽ പൊതുജനങ്ങളുടെ സൌകര്യത്തെ ലക്ഷ്യമാക്കി പ്രവർത്തിയ്ക്കേണ്ട പോലീസ്സുദ്യോഗസ്ഥന്മാർ കുറെക്കൂടി സഹകരണമനോഭാവത്തോടുകൂടി പൊതുജനങ്ങളോടു പെരുമാറണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി അവക്കു് കൊടുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കംപ്ലെയിൻറ പുസ്തകങ്ങൾ ബസ്സുകളിൽതന്നെ വയ്ക്കണമെന്നു ഞാൻ നിർബ്ബന്ധിക്കുന്നില്ല. ബസ്സുകളിൽ യാത്രക്കാക്കു് സഹിക്കേണ്ടിവരുന്ന ആക്ഷേപാർഹങ്ങളായ ബുദ്ധിമുട്ടുകളെപ്പറ്റി തൃപ്തികരമായ നടപടികൾ ഉടനടി എടുക്കാൻ ഗവൺമെൻറ തയ്യാറാണെന്നു പത്രങ്ങളിൽ പരസ്യം ചെയ്യുന്നതുകൊണ്ടുപോലും ഞാൻ തൃപ്തിപ്പെട്ടും. പൊതുജനങ്ങൾക്കു രക്ഷകിട്ടണമെന്നേ ഞാനുദ്ദേശിക്കുന്നുള്ളൂ. അവക്കുവേണ്ടി പല പോലീസ്സുദ്യോഗസ്ഥന്മാരും കൃത്യനിഷ്ഠയോടുകൂടി പരിശ്രമിക്കുന്നുണ്ടു്. ഈയവസരത്തിൽ ട്രാഫിക്കതോറിറ്റിയുടെ ആത്മാർത്ഥതയേയും അതിൻറെ അദ്ധ്യക്ഷനായ പോലീസ്സു് കമ്മീഷണരുടെ കൃത്യനിഷ്ഠയേയും സംബന്ധിച്ചു എനിയ്ക്കു അഭിനന്ദിയ്ക്കാതിരിയ്ക്കാൻ നിവർത്തിയില്ല. അവർ അർഹിക്കുന്നുണ്ടു്. ഏറ്റവും ചുമതലയേറിയ ഈ പ്രവർത്തിയെ ഏറ്റവും ആത്മാർത്ഥതയോടുകൂടി പോലീസ്സു് കമ്മീഷണർ നിർവ്വഹിക്കുന്നുണ്ടെന്നു എനിക്കു ബോദ്ധ്യമുണ്ടു്. ഞാൻ ഇവിടെ സമ്മുഖം സംസാരിച്ചു കഴിഞ്ഞശേഷം, അതിൽ സൂചിപ്പിച്ചിരുന്ന ഒരു സംഗതിയെപ്പറ്റി, അതായതു ഒരു കുസ്തീയമത്സരക്ഷനോടു് ഒരു ബസ്സു കണ്ടക്ടർ അപമര്യാദപ്രവർത്തിച്ചു എന്ന ആക്ഷേപത്തെപ്പറ്റി അദ്ദേഹം തക്ക നടപടിയെടുത്തിട്ടുള്ളതായി എനിക്കിപ്പോൾ വിവരം കിട്ടിയിട്ടുണ്ടു്. അതിനു് ഞാൻ അദ്ദേഹത്തെ മാത്രമല്ലാ ഗവൺമെണ്ടിനേയും അഭിനന്ദിച്ചുകൊള്ളുന്നു. മേലിലും ഈദൃശമായ കൃത്യനിർവ്വഹണനിഷ്ഠ ആവലാതികളെപ്പറ്റി നടപടിയെടുക്കുന്നതിൽ അദ്ദേഹം കാണിക്കുമെന്നും ഞാനാശിക്കുന്നു. ഈ ഉപക്ഷേപത്തിൻറെ വാദപ്രതിവാദത്തിനിടയിൽ ഉന്നയിച്ചിട്ടുള്ള മറ്റു പല വിമർശനങ്ങളും തീരെതമ്മിൽ നിസ്സാരങ്ങളാണ്. അവയെ സംബന്ധിച്ചു ഇനി യാതൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

ഈഖണ്ഡനോപക്ഷേപത്തെ ഈ സഭയുടെ അനുമതിയോടുകൂടി ഞാൻ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

(ii) Conduct of the cherpu police towards Depressed classes

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഇതാണ് എൻറെ കട്മോഷൻ. *To reduce the allotment of Rs. 16,73,466 for Police in Demand No. 22 by. Re. 1. (To bring to the notices of the Government the undesirable attitude of the Cherpu local Police shown towards the Depressed Classes in dealing with the assault cases occurring in their jurisdiction)* സർ, വളരെ ഹൃദയവേദനയോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. വളരെ നാളായിട്ടുണ്ടു് ചേർപ്പു ലോക്കൽ പോലീസ്സ് അധ:കൃതമർദ്ദനക്കേസ്സുകളിൽ തക്ക നടപടിയെടുക്ക

LIBRARY ARCHIVES Kerala Legislative Assembly